# നവവിധഭക്തി

## സദ്ഗുരു ശ്രീ ത്യാഗരാജ സ്വാമികളുടെ വീക്ഷണത്തിൽ

എസ്. രുഗ്മിണി,റിട്ട. പ്രിൻസിപ്പൽ, സി.എം.ജി. മ്യൂസിക് കോളേജ്, പാലക്കാട്

(ശ്രീത്യാഗരാജസ്വാമികളെക്കുറിച്ചും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും സംഗീതജ്ഞരും അല്ലാത്തവരുമായ നിരവധി ശിക്ഷണാശാലികൾ പലവിധ വീക്ഷണപഠനങ്ങൾ നടത്തി ബഹുവിധമായ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്.

ഗുരുഭക്തി, ഈശ്വരഭക്തി, ഈശ്വരപൂജയുടെ ദിവ്യാനപേക്ഷത ശ്രീരാമനാണ് ദശാവതാരസ്വീകർത്താവ് എന്ന ത്യാഗരാജമതം, സത്സംഗത്തിന്റെ പ്രസക്തി, മാനസപൂജ, മോക്ഷപ്രാപ്തിക്കുള്ള ലളിതമാർഗ്ഗം എന്നീ വിഷയങ്ങളെക്കുറിച്ച് തന്റെ കീർത്തനങ്ങളിലൂടെ ത്യാഗരാജസ്വാമികൾ പ്രകടിപ്പിക്കുന്ന അഭിപ്രായമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യം).

ലോകക്ഷേമാർത്ഥം ഭാരതഭൂമിയിൽ പല പ്രദേശങ്ങളിലായി കാലാകാലങ്ങളിൽ ഈശ്വരാംശം ഉൾക്കൊള്ളുന്ന പല മഹാപുരുഷന്മാരും അവതരിച്ചിട്ടുണ്ട്. അത്തരം മഹാത്മാക്കളിൽ സർവ്വപ്രഥമഗണനീയനായ സദ്ഗുരു ശ്രീ ത്യാഗരാജസ്വാമികളിൽ അഗ്രേസരനായി ദക്ഷിണേന്ത്യയിലെ തിരുവാരൂർ എന്ന സ്ഥലത്ത് 1767 ൽ ജനിച്ച് ദക്ഷിണേന്ത്യയെന്നല്ല, ഭാരതത്തെ തന്നെ ധന്യമാക്കി.

ത്യാഗരാജസ്വാമികളുടെ പിതാമഹനായ ഗിരിരാജബ്രഹ്മവും മാതാവ് സീതമ്മയും സംഗീതത്തിൽ പ്രാവീണ്യം നേടിയവരായിരുന്നു. ഇങ്ങനെ സംഗീതപാരമ്പര്യം ഉള്ള ഒരു കുടുംബത്തിലായിരുന്നു ത്യാഗരാജസ്വാമികളുടെ ജനനം. സ്വാമികളുടെ പിതാവായ ശ്രീരാമബ്രഹ്മം തന്റെ പുത്രനെ സോന്തിവീണ വെങ്കടരമണദാസ് എന്ന സംഗീതജ്ഞന്റെ അന്തേവാസിയാക്കി. വിദ്യാഗ്രഹണ പടുവായ സ്വാമികൾ ഗുരുവിൽ നിന്ന് അദ്ദേഹത്തിന്റെ ജ്ഞാനം പൂർണ്ണമായും ഗ്രഹിച്ചു.

ശ്രീരാമനാമത്തിന്റെ മഹിമ പൂർണ്ണമായും അറിയുന്നത് നാദശരീരനായ ശ്രീ പരമേശ്വരൻ മാത്രമത്രെ. നാദോപാസന വഴി ഈശ്വരസാക്ഷാത്ക്കാരം നേടുകയും അന്യർക്ക് ഈശ്വരസാക്ഷാത്ക്കാരത്തിന് നാദത്തെ ഉപാദിയാക്കുകയും ചെയ്ത മഹർഷിവര്യനാണ് ശ്രീ നാരദൻ. ശ്രീരാമചരിതത്തെ കാവ്യമാക്കി സ്വയം ആനന്ദിച്ച് ലോകത്തെയും ആനന്ദിപ്പിച്ച കവി പുംഗവനാണ് ശ്രീ വാത്മീകി. ഇവരുടെയെല്ലാം അംശം ഉൾക്കൊള്ളുന്ന ശ്രീ ത്യാഗരാജസ്വാമികളുടെ കൃതികൾ നാദം എന്ന ഉപാധിയിലൂടെ പരമാനന്ദത്തിന്റെ പരമകാഷ്ഠയെ പ്രാപിക്കാൻ നമുക്ക് സഹായകമായിരിക്കുന്നു. അവ നമ്മെ പരമാത്മാവിലേക്ക് അടുപ്പിക്കുന്നു.

കുലം, ഗുണം, ജാതി, മതം, പഠിപ്പ്, അന്തസ്സ് എന്നിവയ്ക്കതീതമായി ലോകനന്മയെ കേവലം ലക്ഷ്യമാക്കിക്കൊണ്ടുള്ള പരമഭാഗവതോത്തമനം, പൂർണ്ണജീവമുക്തനുമായ ശ്രീ ത്യാഗരാജസ്വാമികളുടെ കൃതികൾ സാക്ഷാത് ശ്രീ രാമചന്ദ്രമൂർത്തിയുടെ അംഗീകാരം ലഭിച്ചവയാണ്. ഈ കാരണം കൊണ്ടുതന്നെ ആരിൽ നിന്നും പ്രശംസ പ്രതീക്ഷിക്കാതെ ആലപിക്കപ്പെട്ട ശ്രീ സദ് ഗുരു ത്യാഗരാജസ്വാമികളുടെ കൃതികൾ ത്യാഗോപനിഷത്ത് എന്ന് സമകാലികരായ അഭിജ്ഞരാൽ പ്രശംസിക്കപ്പെടുന്നു.

പരമഭാഗവതശിഖാമണിയും നാദയോഗിയും ദീർഘദർശിയും വൈരാഗ്യധനനും ശ്രേഷ്ഠകവിയും ഗാനനാടകാദികർത്താവും ആയ ശ്രീ ത്യാഗബ്രഹ്മം നാദോപാസനയാൽ മോക്ഷപ്രാപ്തി സുകരമാണെന്ന് പെരുമ്പര തെലുങ്കിൽ ഗാനരൂപേണ നമുക്ക് സ്വാമികൾ നല്കിയനുഗ്രഹിച്ചിരിക്കുന്നു. സ്വാമികൾ രാമഷഡക്ഷര മന്ത്രോപദേശം നേടി നാമജപം മൂലം തനിക്കിഷ്ടദേവനായ ശ്രീരാമചന്ദ്രന്റെ സാക്ഷാത്ക്കാരം ലഭിച്ച ഭക്തശിഖാമണിയാണ്.

1. ഈശ്വരഭക്തി എന്നപോലെ തന്നെ ഗുരുഭക്തിയും അനുപേക്ഷണീയമാണ്. എന്ന് ഏറ്റവും ഗുണനാവാണെങ്കിലും ഒരു സദ്ഗുരുവിനാൽ പ്രദർശിപ്പിക്കപ്പെടുന്ന പന്ഥാവിലൂടെയുള്ള ഗമനം മാത്രമാണ് ശരിയായ സഞ്ചാരം എന്ന് സിദ്ധാന്തിക്കുന്ന വിധത്തിലാണ് ശ്രീ ത്യാഗരാജസ്വാമികൾ ഗൗരി മനോഹരിരാഗത്തിൽ ഗുരു

ഗുരുലോകയടുവാണ്ടി എന്ന കൃതി രചിച്ചിട്ടുള്ളത്. കീർത്തനത്തിന്റെ അന്തഃസത്ത എന്താണെന്നു നോക്കാം -

ഗുരുലോക.......................ത്യാഗരാജാപ്തുഡനു

കാമാദിമനോരോഗമാകുന്ന കാടിനെ നശിപ്പിക്കാൻ ശ്രേഷ്ഠനായ ഒരു ഗുരുവിന്റെ അഭാവത്തിൽ എത്ര ഗുണവാനും ശക്തനാവുകയില്ല. ശരീരം, പുത്രാദികൾ, ധനം, കളത്രം, ജ്ഞാദികൾ എന്നിവയാൾ ഉണ്ടാകുന്ന ദുഃഖങ്ങൾ മനസ്സിനെ ബാധിക്കാതിരിക്കാനുള്ള ഏകൌഷധം തത്വബോധമാണ്. ദയാപൂർവ്വം ആ ഔഷധം നല്കുന്നതാകട്ടെ ശ്രീ ത്യാഗരാജന്നാപ്തനായ സദ്ഗുരുവാണ്.

2. മാനവജീവിതത്തിൽ ഭക്തി അനുപേക്ഷണീയനാണ്. ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, അർച്ചന, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നിങ്ങനെ നവവിധമായ ഭക്തിയാൽ അഭീഷ്ടദേവതയെ ഭജിച്ച് അതാതു ഭക്തിഭാവത്തെ പ്രകടിപ്പിക്കുന്ന കീർത്തനങ്ങൾ ശ്രീത്യാഗരാജ സ്വാമികൾ രചിച്ചിട്ടുണ്ട്. ഭക്തിപ്രസ്ഥാനത്തെ പ്രചരിപ്പിക്കാൻ വേണ്ടി അവതരിച്ച മഹാത്മാവായ ശ്രീ ത്യാഗബ്രഹ്മം ഭക്തിയുടെ മഹത്വത്തെ ശുദ്ധബംഗാള രാഗത്തിൽ രചിക്കപ്പെട്ട തന്റെ കൃതിയിലൂടെ ഇപ്രകാരം വിശദീകരിക്കുന്നു.

രാമഭക്തി........................ത്യാഗരാജനുതു ഡഗു.

ഈശ്വരനാൽ സലീലം സൃഷ്ടിക്കപ്പെട്ട ത്രിലോകമാകുന്ന കോലാഹലത്തോടുകൂടിയ ശ്രീരാമഭക്തി എന്ന മഹാസാമ്രാജ്യചക്രവർത്തിപദം യാതൊരുവന്നാണോ ലബ്ധമാകുന്നത് ആ മനുഷ്യനെ ദർശിക്കുന്നതു തന്നെ ബ്രഹ്മാനന്ദദായകമാണ്. ഈ ആനന്ദം വാചാമഗോചരമാണ്. സ്വാനുഭവമാത്രവേദ്യമാണ്.

3. ഈശ്വരപൂജക്ക് പ്രത്യേക ഉപാധികൾ ഒന്നും ആവശ്യമില്ലെന്ന അഭിപ്രായമാണ് സ്വാമികൾക്കുള്ളത്. അദ്ദേഹം പറയുന്നു. ശ്രീരാമനെ പൂജിക്കാൻ പൂജാദ്രവ്യങ്ങളോ അലങ്കരിക്കാൻ അമൂല്യരത്നങ്ങളോ ഇല്ലാത്ത ദരിദ്രനു പോലും രാഗമാലികയാൽ ഭഗവാനെ ഭജിച്ച് അദ്ദേഹത്തിന്റെ കൃപക്ക് പാത്രീഭൂതനായി പരമാനന്ദരസത്തെ അനുഭവിക്കാൻ സാധ്യമാണ്. ഈ ആശയം അദ്ദേഹം രാഗരത്നമാലിക എന്ന രീതിഗൗള കീർത്തനത്തിൽ വ്യക്തമാക്കുന്നു.

രാഗരത്ന.................കമനിചേസനശത.

നൂറുരാഗങ്ങളാകുന്ന രത്നങ്ങൾ പതിച്ച ഹാരം കൊണ്ട് ശ്രീഹരി ഏറ്റവുമധികം ശോഭിച്ചുകൊണ്ടു തന്നെയാണിരിക്കുന്നത്. അദ്ദേഹത്തെ നല്ലപോലെ ഭജിച്ച് നമുക്ക് ആനന്ദിക്കാം. വരുവിൻ. ഈ രാഗമാകുന്ന മാല നാലുവേദങ്ങൾ, ആറു ശാസ്ത്രങ്ങൾ, പുരാണങ്ങൾ, ആഗമങ്ങൾ എന്നിവയുടെ അർത്ഥം ഉൾക്കൊള്ളുന്നതാണു യോഗീശ്വരന്മാർ മോക്ഷം പ്രാപിക്കുന്നത് യാതൊരു മാർഗ്ഗത്തിലൂടെയാണോ ആ മാർഗത്തെ ഇതു കാണിച്ചു തരുന്നു. ഭാഗവതതോത്തമന്മാർ ഒന്നുചേർന്ന് ആലപിക്കുന്നതും ഈ രാഗമാലയെത്തന്നെയാണ്. മാത്രമല്ലഈ ത്യാഗരാജൻ സംസാര വിമുക്തനാകാൻ വേണ്ടി നിർമ്മിക്കപ്പെട്ടതാണിത്.

രാഗം എന്നാൽ താല്പര്യം എന്നും അർത്ഥമുണ്ട്. ഈ താത്പര്യം ഈശ്വരന്റെ നേർക്കാകുമ്പോൾ

അത് ശ്രേഷ്ഠമായ ഭക്തിയായിത്തീരുന്നു. രാഗം മനുഷ്യമാത്രസഹജമാണ്. ഈ രാഗങ്ങളുടെ സമ്മേളനം കൊണ്ട് ഉണ്ടാകുന്ന മാലയാൽ അർച്ചിക്കപ്പെടുന്ന ശ്രീഹരി സന്തോഷിക്കുന്നു എന്ന് വ്യാഖ്യാനിക്കുന്നതും ഈ സന്ദർഭത്തിന് അനുയോജ്യമാണ്. നൂറുകണക്കിന് ശബ്ദജാലകങ്ങൾ ഉൾക്കൊള്ളുന്നവയും കമനീയങ്ങളായ സ്വരങ്ങളുടെ വിശിഷ്ടസന്നിവേശയുക്തങ്ങളും പ്രഭചിന്തുന്നവയുമായ ഗീതങ്ങളാകുന്ന രത്നങ്ങളെ ത്യാഗരാജസ്വാമികളുടെ ഭക്തിയെന്ന സ്വർണ്ണച്ചെപ്പിൽ അടക്കം ചെയ്ത് ശ്രീഹരിക്കു സമർപ്പിക്കുന്നതുമൂലം ഭഗവത്കൃപ സംലബ്ധമാകുന്നു എന്നു വിശിഷ്ടമായ ആശയം ഇവിടെ ധ്വനിക്കുന്നു.

4. മാനസപൂജയ്ക്ക് സ്വാമികൾ നല്കുന്ന സ്ഥാനം അദ്വിതീയമാണ്. അദ്ദേഹം അനുഷ്ഠിക്കുന്ന മാനസപൂജയെ രീതിഗൗള രാഗത്തിലുള്ള പരിപാലയ പരിപാലയ എന്ന കീർത്തനത്തിലൂടെ നമുക്ക് മനസ്സിലാക്കിത്തരുന്നു. മനുഷ്യശരീരം തന്നെ ദേവാലയമാണെന്ന് അദ്ദേഹം ഇതിൽ സ്ഥാപിക്കുന്നു.

പരിപാലയ പരിപാലയ പരിപാലയ രഘുനാഥ...........................പൂജാവിധിനൈജത്യാഗരാജകൃതമു രഘുനാഥാ.

രഘുനാഥാ എന്നെ രക്ഷിച്ചാലും രക്ഷിച്ചാലും. എന്റെ ശരീരം തന്നെ നിന്തിരുവടിക്ക് യോജിച്ച ദേവാലയമാണ്.

ദൃഢമായ എന്റെ മനസ്സ് നിന്തിരുവടിക്കുള്ള സ്വർണ്ണപീഠമാണ്. നിന്തിരുവടിയുടെ പാദാരവിന്ദത്തെ ധ്യാനിക്കുന്നതുതന്നെ സ്വർഗംഗയിലെ പാവനജലമാണ്. അല്ലയോ ഗജേന്ദ്രരക്ഷകാ എന്റെ അഭിമാനം തന്നെ അങ്ങേയ്ക്കുള്ള വസ്ത്രമാണ്. അങ്ങയുടെ അപദാനങ്ങൾ കീർത്തിക്കുന്ന എന്റെ വാക്കുകൾ അങ്ങേയ്ക്കുള്ള ചന്ദനക്കുഴമ്പാണ്. എന്റെ ഹരിനാമസ്മരണം തന്നെ അങ്ങേയ്ക്കുള്ള വിടർന്ന ചെന്താ

മരയാണ്. എന്നാൽ മുമ്പു ചെയ്യപ്പെട്ട ദുഷ്ക്കർമ്മങ്ങളുടെ ഫലം തന്നെ അങ്ങേയ്ക്കുള്ള ധൂപമാണ്. അങ്ങയുടെ കാലിണകളിൽ എനിക്കുള്ള ഭക്തിതന്നെ അങ്ങയുടെ മുന്നിൽ പ്രകാശിച്ചു കൊണ്ടിരിക്കുന്ന പൂജാദീപമാണ്. എന്റെ ഭക്തി നിർഭരമായ പൂജതന്നെ അങ്ങേയ്ക്കുള്ള നിവേദ്യമാണ്. എനിക്ക് നിരന്തരം ലഭിക്കുന്ന ആനന്ദം തന്നെയാണ് അങ്ങേയ്ക്കുള്ള താംബൂലം. ഭഗവാന്റെ ദർശനം തന്നെയാണ് ദീപാരാധന. ഇതത്രെ ത്യാഗരാജനാൽ അങ്ങേക്ക് അർപ്പിക്കപ്പെടുന്ന മാനസപൂജ.

5. ഭക്ത കവിയായ ശ്രീ ജയദേവർ ഗീതാഗോവിന്ദത്തിലെ 'പ്രളയപയോനിജലേ' എന്ന അഷ്ടപദിയിൽ ദശാവതാരം വർണ്ണിക്കുന്ന ശ്രീവേതാന്തദേശികർ ദശാവതാരസ്തോത്രം രചിച്ചിരിക്കുന്നു. ശ്രീ ത്യാഗരാജസ്വാമികളും ഭൂപാളരാഗത്തിലുള്ള 'ദീനജനാവന' എന്നു തുടങ്ങുന്ന തന്റെ ദിവ്യനാമസങ്കീർത്തനത്തിൽ ഭഗവാന്റെ പത്തവതാരങ്ങളെ വർണ്ണിക്കുന്നു. ശ്രീജയദേവ കവിയുടെ അഭിപ്രായത്തിൽ ദശവതാരം കൈകൊണ്ടത് ശ്രീകൃഷ്ണനാണ്. എന്നാൽ ത്യാഗരാജ സ്വാമികളാകട്ടെ ശ്രീരാമനാണ് ദശാവതാരം സ്വീകരിച്ചതെന്ന് വളരെ ദൃഢമായി ഘോഷിക്കുന്നു. കീർത്തനത്തിന്റെ സാഹിത്യത്തിലേയ്ക്കൊന്നു ശ്രദ്ധിക്കാം.

ദീനജനാവന ശ്രീരാമദനവ ഹരണ
ശ്രീരാമ..............................നാഗസുരശയന
ശ്രീരാമ ത്യാഗരാജാർച്ചിത ശ്രീരാമ.

ദീനജനരക്ഷകനും പക്ഷിവാഹനനും ശ്രീദേവിയാൽ ലാളിക്കപ്പെടുന്നവനും കരുണാമയനും അഭീഷ്ടഫലപ്രദാതാവും പാപമാകുന്ന അന്ധകാരത്തിന് സൂര്യനായിട്ടുള്ളവനും ആയ ശ്രീരാമൻ തന്നെയാണ് ദശാവതാരങ്ങളും സ്വീകരിച്ചത്. ഹയഗ്രീവനും ശ്രീരാമന്റെ തന്നെ രൂപാന്തരമാണ്. ഇതാണ് ത്യാഗരാജസ്വാമികളുടെ മതം.

6. വിദ്യാഭ്യാസം കൊണ്ട് മാത്രം മനുഷ്യന് പൂർണ്ണമായ ഫലപ്രാപ്തി വരുന്നില്ല. പണ്ഡിതന്മാരുടെ ഉപദേശവും സജ്ജനസംസർഗ്ഗവും അത്യന്തം അനുപേക്ഷീയമാണ്. ഈ ആശയത്തെ സ്വാമികൾ ശങ്കരാഭരണത്തിൽ ഉള്ള ബുദ്ധിരാദു എന്ന തന്റെ കൃതിയിലൂടെ വ്യക്തമാക്കുന്നു.

ബുദ്ധിരാദു ബുദ്ധിരാദു പെദ്ദല ശുദ്ധൂലു വിനക..........................ത്യാഗരാജനുതുസൌരാമദാസുല ചെലിയിസേയക.

ശ്രേഷ്ഠമായ വിദ്യ അഭ്യസിച്ചാലും മഹത്തുക്കളുടെ ഉപദേശം ഇല്ലെങ്കിൽ വിവേകം ഉണ്ടാവുകയില്ല. ധാന്യം, ധനം എന്നീ രൂപത്തിൽ ദാനധർമ്മാദികൾ ചെയ്താലും ഏകാഗ്രചിത്തനായ ഒരു ശ്രേഷ്ഠഭക്തന്റെ ഉപദേശാമൃതം പാനം ചെയ്യാൻ സാധിക്കാത്തവന് വിശിഷ്ടജ്ഞാനം കൈവരികയില്ല. രാമായണം, ഭാഗവതം മുതലായവ അനവരതം പാരായണം ചെയ്താലും ഭഗവാൻ മനുഷ്യനായ് അവതരിച്ചിട്ടുണ്ടെന്ന രഹസ്യം അറിയുന്നവരുമായി സംസർഗം ചെയ്തില്ലെങ്കിൽ വിവേകമുദിക്കുകയില്ല.

യോഗമാർഗത്തിലൂടെ സഞ്ചരിച്ചാലും അഖില ഭോഗങ്ങളും നേടിയാലും ശ്രീത്യാഗരാജനാൽ സേവിക്കപ്പെടുന്ന ശ്രീരാമൻ ദാസരുമായുള്ള സഹവാസം ഇല്ലാത്തവന് വിവേകം ഉദിക്കുകയില്ല.

7. പുരുഷാർത്ഥങ്ങളിൽ ഏറ്റവും മുഖ്യമാണ് മോക്ഷം. ധർമ്മാർത്ഥകാമങ്ങൾ ആർജ്ജിക്കാൻ വേണ്ടതിനേക്കാൾ എത്രയോ കൂടുതൽ ശ്രമം മോക്ഷപ്രാപ്തിക്കുവേണ്ടി മനുഷ്യൻ ചെയ്യേണ്ടിയിരിക്കുന്നു. ഈ 'മോക്ഷ മുഗലഗദ' എന്ന സാരമതി രാഗകീർത്തനത്തിൽ സദ്ഗുരു ശ്രീത്യാഗരാജസ്വാമികൾ നിർദ്ദേശിക്കുന്ന

മോക്ഷമുഗലദാഭുവിലോ ജീവൻ......................
വിധമേരു ഗരു ത്യാഗരാജവിനുത

ഈ ലോകത്ത് ജീവന്മുക്തരല്ലാത്തവർക്ക് മോക്ഷപ്രാപ്തി ഉണ്ടാവുക സാദ്ധ്യമാണോ? യഥാർത്ഥഭക്തിയും സംഗീതജ്ഞാനവും ഇല്ലാത്ത ഒരുവന് മോക്ഷം ലക്ഷ്യമാണോ? ഈശ്വരസാക്ഷാത്കാരം സാദ്ധ്യമാണോ? പ്രാണാനലസംയോഗം കൊണ്ട് പ്രണവവും സപ്തസ്വരങ്ങളും സംജാതങ്ങളാകുന്നു. ശ്രീത്യാഗരാജനാൽ ആരാധിക്കപ്പെടുന്ന വീണവായനയിൽ നിന്നും അപരിമിതമായ ആനന്ദത്തെ അനുഭവിക്കുന്ന ശ്രീ പരമേശ്വരന്റെ രഹസ്യത്തെ (തത്വത്തെ)ക്കുറിച്ചു പൊതുവേ ജനങ്ങൾ ബോധവാന്മാരല്ല. ഇതാണ് മേലുദ്ധരിക്കപ്പെട്ട കീർത്തനത്തിന്റെ സാരാംശം.

**ഉപസംഹാരം**

ഈ വിധത്തിൽ ഭൂമിയിലെ ജനങ്ങൾക്ക് ഗാനരൂപേണ ഉപദേശരത്നങ്ങളെ നല്കിയനുഗ്രഹിക്കുകയും സ്വയം ബ്രഹ്മാനന്ദസുഖം അനുഭവിക്കുകയും, സംഗീതത്തെ തന്റെ പ്രാണനുതുല്യം മാനിക്കുകയും ചെയ്ത ആ ധന്യാത്മാവ് 1847 ൽ പുഷ്യബഹുള പഞ്ചമി ദിവസം തിരുവൈയാറിൽ സമാധിയായി.